# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *300** 08.11.2019 -ലെ മറുപടിയ്ക്ക്

## യൂണിവേഴ്സിറ്റി പരീക്ഷകളുടെ നഷ്ടപ്പെട്ട ഉത്തരക്കടലാസ്സുകൾ

ചോദ്യം ഉത്തരം

ശ്രീ. അനിൽ അക്കര
ശ്രീ. കെ.എസ്.ശബരീനാഥൻ
ശ്രീ. റോജി എം. ജോൺ
ശ്രീ. എം. വിൻസെന്റ്

**ഡോ.കെ.ടി.ജലീൽ**
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി )

| | | | |
|---|---|---|---|
| (എ) | വിവിധ പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ നഷ്ടപ്പെട്ടതായി കേരള സർവ്വകലാശാല രജിസ്ട്രാർ പോലീസിൽ പരാതിപ്പെട്ടിട്ടുണ്ടോ; | (എ) | യൂണിവേഴ്സിറ്റി കോളേജിൽ സർവകലാശാല പരീക്ഷ നടത്തിപ്പിനായി നൽകിയ ഉപയോഗിക്കാത്ത ഉത്തരക്കടലാസുകൾ പിടിച്ചെടുത്തത് സംബന്ധിച്ച് സർവകലാശാല രജിസ്ട്രാർ സംസ്ഥാന പോലീസ് മേധാവിക്ക് പരാതി നൽകിയിട്ടുണ്ട് |
| (ബി) | എവിടെ നിന്ന് ഉത്തരക്കടലാസ്സുകൾ നഷ്ടപ്പെട്ടതായാണ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത് എന്നറിയിക്കാമോ; | (ബി) | യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷാ നടത്തിപ്പിനായി നൽകിയതും ഉപയോഗിക്കാത്തതുമായ ഉത്തരക്കടലാസുകളാണ് പ്രാഥമിക പരിശോധനയിൽ കണ്ടെത്തിയത് |
| (സി) | സർവ്വകലാശാല ഏതെല്ലാം വർഷങ്ങളിൽ നടത്തിയ പരീക്ഷകളിലെ ഉത്തരക്കടലാസ്സുകളാണ് അപ്രകാരം നഷ്ടപ്പെട്ടത് എന്നും എത്രയെണ്ണം നഷ്ടപ്പെട്ടു എന്നും വിശദമാക്കുമോ; | (സി) | 23.07.2015, 05.11.2015 01.04.2016, 19.05.2018 ദിവസങ്ങളിൽ കോളേജ് അധികൃതർ കൈപ്പറ്റിയ 9 ഉത്തരക്കടലാസുകളും ഫെയ് സിങ് ഷീറ്റ് ഇല്ലാത്ത 60 ഉത്തരക്കടലാസുകളുമാണ് കണ്ടെത്തിയത് |
| (ഡി) | യൂണിവേഴ്സിറ്റി കോളേജിലെ എസ്.എഫ്.ഐ.യുടെ യൂണിറ്റ് ഓഫീസിൽ നിന്നും സർവ്വകലാശാലയുടെ ഉത്തരക്കടലാസ്സുകൾ കണ്ടെത്തിയിരുന്നോ; | (ഡി) | കണ്ടെത്തിയിട്ടില്ല. |
| (ഇ) | യൂണിവേഴ്സിറ്റി പരീക്ഷകളുടെ വിശ്വാസ്യതയെ തന്നെ തകർക്കുന്ന ഇത്തരം സംഭവങ്ങൾ സർവ്വകലാശാല ഗൗരവമായി | (ഇ) | പ്രസ്തുത വിഷയത്തിൽ ആദ്യപടിയായി യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പലിനോട് വിശദീകരണം തേടിയിരുന്നു. 18.07.2019 ലെ സിൻഡിക്കേറ്റ് പ്രസ്തുത വിഷയം |

| | | | |
|---|---|---|---|
| | പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | പരിഗണിക്കുകയും അതിൻപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് സർവകലാശാല രജിസ്ട്രാർ പരാതി നൽകുകയും ചെയ്തിരുന്നു. സിൻഡിക്കേറ്റ് പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കൈക്കൊണ്ട വിവിധ തീരുമാനങ്ങൾ സർവകലാശാല നടപ്പിലാക്കി വരികയാണ്. 25.07.2019 ന് എല്ലാ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാരുടെയും മീറ്റിങ് വിളിച്ചുകൂട്ടുകയും പരീക്ഷ നടത്തിപ്പമായി ബന്ധപ്പെട്ട് പാലിക്കേണ്ട നിർദ്ദേശങ്ങൾ വിശദമാക്കുകയും പരീക്ഷ സംബന്ധമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥലങ്ങൾ പൂർണ്ണമായും cctv ക്യാമറയുടെ പരിധിയിൽ കൊണ്ട് വരേണ്ടതാണെന്ന കർശന നിർദ്ദേശം നൽകുകയും ചെയ്തു. കൂടാതെ ഡോ. കെ.ബി. മനോജ് , പ്രൊഫ. ലളിത , ഡോ. കെ.ജി. ഗോപ് ചന്ദ്രൻ എന്നീ സിൻഡിക്കേറ്റ് അംഗങ്ങളുൾപ്പെട്ട ഉപസമിതിയെ യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഉത്തരക്കടലാസുകൾ നഷ്ടമായത് സംബന്ധിച്ച് അന്വേഷിക്കുവാൻ നിയോഗിക്കുകയും പ്രസ്തുത സമിതി 08.08.2019 ലെ സിൻഡിക്കേറ്റിൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർവകലാശാലയിൽ ഒരു വിജിലൻസ് വിങ് രൂപീകരിക്കുന്നതിനും സിൻഡിക്കേറ്റ് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.